Draft #21 of File 4939/AD A3/3/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 04-Nov-2019 12:00 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സർവ്വകലാശാല കാമ്പസിലെ ലേഡീസ് ഹോസ്റ്റലുകളിൽ കരാർ അടിസ്ഥാനത്തിൽ റെസിഡന്റ് ട്യൂട്ടർമാരെ നിയോഗിച്ചുകൊണ്ടു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 5424/AD A 3/2019/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 04.11.2019

---

പരാമർശം:-1) 07/06/2019 തീയതിയിലെ 4939/ADA3/3/2019/ADA3 നമ്പറിലുള്ള വിജ്ഞാപനം.
2) റെസിഡന്റ് ട്യൂട്ടർമാരുടെ റാങ്ക് ലിസ്റ്റ്.
3) 17/07/2019 തീയതിയിൽ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് ഇനം നം.ഒ.എ .10/19.06.
4) മെമ്മോ നം.4939/AD A3/2019/AD A3 തീയതി 16/08/2019.
5) മെമ്മോ നം.4939/AD A3/2019/AD A3 തീയതി 25/09/2019.
6) റെസിഡന്റ് ട്യൂട്ടർമാരുടെ ജോയിനിംഗ് റിപ്പോർട്ട്.
7) റെസിഡന്റ് ട്യൂട്ടർമാരുടെ കരാർ ഉടമ്പടി.

**ഉത്തരവ്**

പരാമർശം (1) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിലുള്ള വനിതാ ഹോസ്റ്റലുകളിൽ താത്കാലികമായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ₹15,000/-(പതിനയ്യായിരം രൂപ മാത്രം) പ്രതിമാസ വേതനത്തിൽ റെസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 24/06/2019 ൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തുകയും പരാമർശം (2) പ്രകാരമുള്ള റാങ്ക് ലിസ്റ്റ് സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുകയും ചെയ്തു. 17/07/2019 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവരെ പരാമർശം (4), (5) പ്രകാരം ജോലിക്കു ഹാജരാകാൻ അറിയിച്ചിരുന്നു. തുടർന്ന് ടിയാളുകൾ പരാമർശം (6) പ്രകാരം ജോലിയിൽ പ്രവേശിക്കുകയും പരാമർശം (7) പ്രകാരം കരാർ ഉടമ്പടി ഒപ്പിടുകയും ചെയ്തു.

| **ക്രമ നം.** | **പേര്** | **നിയോഗിക്കപ്പെട്ട ഹോസ്റ്റലിന്റെ പേര്** | **കാലയളവ്** |
|---|---|---|---|
| 1 | ശാന്തിമോൾ കെ. | കബനി | 21/08/2019 - 20/08/2020 |
| 2 | രജി കെ. | സൈരന്ധ്രി | 22/08/2019 - 21/08/2020 |
| 3 | രാജിമോൾ ടി.ആർ. | ചന്ദ്രഗിരി | 30/08/2019 - 29/08/2020 |
| 4 | ഗീതാകുമാരി എൻ. കെ. | നിള | 09/10/2019 - 08/10/2020 |

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (7) ലെ കരാർ വ്യവസ്ഥകൾക്ക് വിധേയമായി മേൽപ്പറഞ്ഞ റെസിഡന്റ് ട്യൂട്ടർമാരെ പ്രസ്തുത വനിതാ ഹോസ്റ്റലുകളിൽ കരാർ അടിസ്ഥാനത്തിൽ രൂപ ₹15,000/- (പതിനയ്യായിരം രൂപ മാത്രം) പ്രതിമാസ വേതനത്തിൽ അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിയോഗിച്ചുകൊണ്ടു വൈസ് ചാൻസിലർ (i/c) ഉത്തരവായിരിക്കുന്നു.

മേൽ ചെലവിലേക്കുള്ള തുക സർവ്വകലാശാലയുടെ നടപ്പു സാമ്പത്തിക വർഷ ബജറ്റിലെ (2019 - 20) "22 420 01 - Salaries & Allowances" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

കരാർ കാലാവധിയിൽ ടിയാളുകൾക്ക് പരമാവധി 12 ആകസ്മിക അവധികൾക്ക് മാസത്തിൽ ഒന്ന് എന്ന നിരക്കിൽ അർഹതയുണ്ട്. ഇപ്രകാരം അർഹതയുള്ള അവധി ആർജ്ജിച്ചിട്ടുണ്ടെങ്കിൽ, അവ ഒരുമിച്ച് എടുക്കുന്നതിന് തടസ്സമില്ല. എന്നാൽ അപ്രകാരം അവധി എടുക്കുമ്പോൾ, ഞായറാഴ്ചകളും പൊതു അവധി ദിനങ്ങളുമായി കൂട്ടി ചേർക്കുമ്പോൾ ആകെ അവധി ഒരു തവണ ഏഴ് ദിവസത്തിൽ കൂടാൻ പാടുള്ളതല്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ബന്ധപ്പെട്ട ജീവനക്കാർ
2) വി.സി./പി .വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3) രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ.
4) എ.ആർ.I/ഡി .ആർ.I/ജെ.ആർ.I (ഭ.വി.)/എഫ്.സി.സി./ഫിൻ.1/4.
5) എഡി.ബി.7/എ.ഡി.ബി.1/ഓഡിറ്റ് 1/എസ്റ്റേറ്റ് ഓഫീസർ/ജനറൽ ക്യാഷ്
6) സി.എം.എസ്./ഐ.ക്യൂ.എ.സി./ CITAD
7) റെക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #21 of File 4939/AD A3/3/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 04-Nov-2019 12:00 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം